# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലന്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.5/350/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 04/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.5/350/2022 തീയ്യതി: 04/05/2022

## പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2021 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.ക.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-03-2022 | 26-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2022 | 26-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.പി.മുകുന്ദൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി മേഴ്സി മാത്യു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ജി. അനിൽകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിമിഷ സാറ ജയിംസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രാജു മാത്യു | വെറ്റനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ. വർഗ്ഗീസ് നീത ജോയ് | വെറ്റനറി സർജൻ | 01-07-2020 | 31-03-2021 |
| ഡോ. നയന | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീദേവി എൻ. നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 11-02-2021 |
| ഡോ. രാഖി ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 12-02-2021 | 05-03-2021 |
| ഡോ. മഞ്ചു പി.കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 06-03-2021 | 31-03-2021 |
| ശ്രീ രാഹുൽ കെ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇലന്തൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ വിനോദ് വി. | വില്ലേജ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ (വാര്യാപുരം സർക്കിൾ) | | |
| ശ്രീമതി സരോജം ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീമതി വനജ എം. | ഹെഡ്മാസ്റ്റർ (ഗവ.എൽ.പി.എസ്. ചിറമേൽ) | 01-04-2020 | 31-03-2021 |
| ശ്രീമതി സീനാകുമാരി ഡി. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനുമോൾ ആർ. | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ അജുദേവ് വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P Anilkumar (Senior Grade Auditor, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P Anilkumar (Senior Grade Auditor, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P Anilkumar (Senior Grade Auditor, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P Anilkumar (Senior Grade Auditor, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-10 |
| 11 | ചെലവിന് ആനുപാതികമായി വരുമാനമില്ല: പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ദുർബലം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-11 |
| 12 | നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-12 |
| 13 | മേഖലാ വിഭജനം പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തി<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-13 |
| 14 | ഫിറ്റ്നസ് ഇല്ലാത്ത ഷോപ്പിംഗ് കോംപ്ലക്സിൽ അനധികൃത വ്യാപാരം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-14 |
| 15 | ലേല നിബന്ധന പരസ്യപ്പെടുത്തിയില്ല - ഗേറ്റ് ഫീസ് ലേലത്തുക ലഭിച്ചില്ല<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-15 |
| 16 | പരേതർക്കും ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-03-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Johncy John (Computer Assistant, On 04-05-2022) | |
| 17 | മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-17 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളുടെ കൈകാര്യവും, പെൻഷൻ വിതരണവും - അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-18 |
| 19 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-19 |
| 20 | പൊതുമരാമത്ത് മേഖലയിൽ ചെറുതും ഫലക്ഷമത കുറഞ്ഞതുമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-20 |
| 21 | മാന്വൽ ടെണ്ടറിംഗിൽ മത്സരം ഉറപ്പാക്കുന്നില്ല; ഇ-ടെണ്ടർ ചെയ്യുന്നത് അഭികാമ്യം<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-21 |
| 22 | പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 05-05-2022) | 1-22 |
| 23 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 29-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-23 |
| 24 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 85619 രൂപ<br>Written By: T Anilkumar (Audit Officer (HG), On 29-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-24 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടാതെ തുക കൈമാറി<br>Written By: Arun P B (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-26 |
| 27 | സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-27 |
| 28 | വിവാഹ ധനസഹായം-അപേക്ഷ സ്വീകരിക്കുന്നതിന് സമയപരിധി പാലിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-28 |
| 29 | ജാഗ്രതാ സമിതി-അവലോകനം<br>Written By: Arun P B (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 1-29 |
| 30 | അഗതിരഹിത കേരളം-പദ്ധതി അവലോകനം<br>Written By: Arun P B (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 1-30 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാകുവാൻ | 1-31 |

| | | |
|---|---|---|
| | അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | |
| 32 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വികസനഫണ്ട് ഇനത്തിൽ അധികതുക നൽകി<br>Written By: Arun P B (Senior Grade Auditor, On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-3 |
| 4 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 04-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 26-03-2022)<br>Last Updated By: Johncy John (Computer Assistant, On 27-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T Anilkumar (Audit Officer (HG), On 25-04-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 26-04-2022)<br>Last Updated By: Johncy John (Computer Assistant, On 28-04-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 13.03.2020-ലെ I(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 02.02.2021 II(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 04.05.2021 |

2020-21 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഷെഡ്യൂള് ബി 3**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷത്തെ മൂലധനച്ചെലവുകൾക്ക് തുല്യമായ തുക കൂട്ടിച്ചേർത്തിട്ടില്ല.

**ഷെഡ്യൂൾ ബി-4**

ഗുണഭോക്തൃവിഹിതമായി 2018-19, 2019-20 സാമ്പത്തികവർഷങ്ങളിൽ ലഭിച്ച 15058 രൂപ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

**ഷെഡ്യൂൾ ബി-15**

വസ്തുനികുതിയിനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുകകൾ സഞ്ചയയിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

**ഷെഡ്യൂൾ ബി-18**

നിക്ഷേപ പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, പി.ഡബ്ല്യൂ.ഡി, അനർട്ട് എന്നിവിടങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തിയിലേക്ക് മാറ്റിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9965934 |
| വരവ് | 53766797 |
| ആകെ | 63732731 |
| ചെലവ് | 53446525 |
| നീക്കിയിരിപ്പ് | 10286206 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8443125 | 8443125 | 8442402 | 723 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6171000 | 6171000 | 5725129 | 445871 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 129000 | 129000 | 75000 | 54000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3290000 | 3290000 | 746500 | 2543500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 3381785 | 3381785 | 3374235 | 7550 |
| മെയിന്റനൻസ്, റോഡ് | 0 | 11285000 | 11285000 | 11285000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3456681 | 3456681 | 2660926 | 795755 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 13834972 | 13834972 | 13834971 | 1 |
| ICDS | 562915 | 1010864 | 1573779 | 562915 | 1010884 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 61824 | 1676945 | 1738769 | 593219 | 1145550 |

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ**

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 88000 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 176000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 225 | 70561935 | 186 | 39227011 | 39 | 55.59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 468377 | 468377 | 468376 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13366595 | 13366595 | 13366595 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2640 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 4129500 | 283 |
| വിധവാപെൻഷൻ | 7211900 | 519 |
| വാർദ്ധക്യകാലപെൻഷൻ | 18705300 | 555 |
| വികലാംഗപെൻഷൻ | 2650100 | 178 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224300 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2022ൽ 4.20PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പായ **57569** രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം

തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2021 | 02/2020 To 03/2021 | 15.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 | 1997-98 To 2007-08 | 19.06.2008 |

## 1-11 ചെലവിന് ആനുപാതികമായി വരുമാനമില്ല: പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ദുർബലം

ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നുണ്ടെങ്കിലും വരുമാനത്തിലെ കുറവ് ധനക്കമ്മിക്ക് കാരണമാകുന്നു. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ തനതുവരുമാനവും അനിവാര്യ ചെലവുകളും ഇപ്രകാരമാണ്.

| *വരവ്* | | *ചെലവ്* | |
|---|---|---|---|
| *വരുമാന ഇനം* | *തുക* | *ഇനം* | *തുക* |
| നികുതി | 5102512 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 10184459 |
| നികുതിയേതരം | 2210690 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 919965 |
| പലിശ | 219111 | ഓപ്പറേഷൻസ്& മെയിന്റനൻസ് | 1282180 |
| | | ബാങ്ക് ചാർജ് | 664 |
| **ആകെ** | 7532313 | **ആകെ** | 12387268 |
| | | **കുറവ്** | 4854955 |

ജനറൽ പർപ്പസ് ഗ്രാന്റായി 7575088 രൂപ ലഭിച്ചതിനാൽ തൻവർഷം ധനക്കമ്മി താത്കാലികമായി പരിഹരിക്കാൻ സാധിച്ചു. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികത്തുക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾ വരുന്നതിനാൽ തുടർ വർഷങ്ങളിൽ സ്ഥിതി കൂടുതൽ രൂക്ഷമാകാനിടയുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനും നടപടികൾ അനിവാര്യമാണ്.

## 1-12 നിയമത്തിലെ വ്യവസ്ഥ പാലിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു നികുതി നഷ്ടമുണ്ടായി.

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിക്കണമെന്ന വ്യവസ്ഥ പാലിക്കാതെ 100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിനു (₹50/M2) പകരം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ (₹40/M2)നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ/ മേഖല | ആകെ തറ വിസ്തീർണ്ണം (ച.മീ) | റിമാർക്ക് |
|---|---|---|---|---|
| 1 | സി.ഐ.രാജൻ, ചെറുകുന്നത്ത്, ഇലഞ്ഞൂർ | V/327 A, B,C പ്രഥമം | 40.17+72.25+112.42 = 224.84 | |
| 2 | വാൻസൺ വർഗീസ്, | V/329 B, | 365.72+1161.28+44.18 | V/329 B,C- |

| | | | | |
|---|---|---|---|---|
| | മാടപ്പള്ളിൽ, ഇലഞ്ഞി ഈസ്റ്റ് പി.ഓ | C,D പ്രഥമം | = 1571.18 | നികുതി നിരക്ക് ശരിയാണ് |
| 3 | മത്തായി ശാമുവൽ, കുമ്പിളുനിൽക്കുന്നതിൽ, പ്രക്കാനം പി. ഓ | V/318 C,D,E,F പ്രഥമം | 143+31.79+28.6+99.81 = 303.2 | V/318C- നികുതി നിരക്ക് ശരിയാണ് |
| 4 | പി.കെ.സോമൻ, പാറയ്ക്കൽ തെക്കതിൽ, ഇടപ്പരിയാരം | VI/402,403 | 61.97+103.28 = 165.25 | VI/403- നികുതി നിരക്ക് ശരിയാണ് |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 40 രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 50രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.)

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. എന്നാൽ ഇതിനു വിരുദ്ധമായാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത്.

ഈ വിഷയം 25.03.2022ൽ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ച്, അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-13 മേഖലാ വിഭജനം പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തി

വസ്തുനികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി ഇലഞ്ഞി ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, ത്രിതീയം മൂന്ന് മേഖലകളായി തിരിക്കുന്നതിന് 03.12.2011 ലെ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി III(2)ാം നമ്പർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇപ്രകാരമുള്ള മേഖലാ വിഭജനം, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203 (10) -ാം വകുപ്പ് പ്രകാരം ഗ്രാമപ്പഞ്ചായത്ത് വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് നികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല. ദ്വിതീയ മേഖലയിലും തൃതീയ മേഖലയിലും ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് യഥാക്രമം 10%, 20% വീതം നികുതിയിൽ ഇളവിന് അർഹതയുണ്ട്.

മേൽ വിജ്ഞാപനപ്രകാരം പ്രഥമ മേഖലയായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലെ ഏതാനും കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വേളയിൽ, ടി കെട്ടിടങ്ങളെ പ്രഥമ മേഖലയ്ക്ക് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയതുവഴി നികുതിയിൽ കുറവുണ്ടാകുന്നതായി സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ലഭിക്കുന്ന 10ശതമാനം നികുതി ഇളവ് ഇപ്രകാരം അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് അനുവദിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | മേഖല | സമീപത്തുള്ള റോഡ് |
|---|---|---|
| I/98/A | പ്രഥമം | പരിയാരം - പൂക്കോട് റോഡ് |
| I/204/A | പ്രഥമം | നെല്ലിക്കാല – വെള്ളപ്പാറ റോഡ് |
| I/184/A, I/143/A | പ്രഥമം | എരുമാട്ടുപടി - കൈതയ്ക്കൽ റോഡ് |
| I/318/A, I/460, I/461 | പ്രഥമം | പരിയാരം - വെട്ടിപ്പുറം റോഡ് |
| VII/94/A,VII/21,VII/16/A, VII/42/A,VII/52/A, | പ്രഥമം | ഇലഞ്ഞി - ചിറക്കാല റോഡ് |
| VII/175/A | പ്രഥമം | ഇല്ലത്തുകാലാ - വിക്ടറി ക്ലബ്ബ് റോഡ് |
| VII/2/B | പ്രഥമം | ഇലഞ്ഞി - ശാലേം ജംഗ്ഷൻ റോഡ് |

ഈ വിഷയം 23.03.2022ൽ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 ഫിറ്റ്നസ് ഇല്ലാത്ത ഷോപ്പിംഗ് കോംപ്ലക്സിൽ അനധികൃത വ്യാപാരം

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വ്യാപാരികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നു. ജീർണ്ണാവസ്ഥയിലുള്ള, 28കടമുറികളുള്ള പ്രസ്തുത കെട്ടിടം 2020-21വർഷം മുതൽ ഗ്രാമപ്പഞ്ചായത്ത് വാടകയ്ക്ക് നൽകുന്നില്ല. ഇതു സംബന്ധിച്ച് സെക്രട്ടറിയോട് 17.03.2022ൽ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിവരങ്ങൾ ആരാഞ്ഞു. 2020-21സാമ്പത്തികവർഷം വാടകക്കരാർ പുതുക്കുന്നതിനു മുന്നോടിയായി കെട്ടിടത്തിന്റെ ഫിറ്റ്നസ് പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, കെട്ടിടം ഉപയോഗയോഗ്യമല്ലെന്ന് റിപ്പോർട്ട് നൽകിയതായും, ഇതു പരിഗണിച്ച ഗ്രാമപ്പഞ്ചായത്തു കമ്മറ്റി, കടമുറികൾ വാടകയ്ക്ക് നൽകേണ്ടതില്ലായെന്ന് 22.02.2020ൽ 14(1)-ാം നമ്പരായി തീരുമാനമെടുക്കുകയും, തുടർന്ന്, കോവിഡ് സാഹചര്യത്തിൽ കൈവശക്കാരെ ഒഴിപ്പിക്കേണ്ടതില്ലായെന്ന് 22.10.2020ൽ 4(1)-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്മേൽ സെക്രട്ടറി 05.11.2020ൽ വിയോജനക്കുറിപ്പ് അയച്ചിട്ടുള്ളതുമാണ്.

ഉപയോഗശൂന്യമെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് നൽകിയിട്ടും കെട്ടിടത്തിലെ കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനോ കെട്ടിടം പൊളിച്ചുമാറ്റുന്നതിനോ ഭരണസമിതി തയ്യാറാകാതിരുന്നത് ശരിയായ നടപടിയല്ല. ജീർണ്ണിച്ച കെട്ടിടം തകർന്നുവീഴുകയോ അതുമൂലം ആളപായം ഉണ്ടാവുകയോ ചെയ്താൽ പഞ്ചായത്ത് ഉത്തരവാദിയാകുന്നതാണ്. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടം പൊളിച്ച് കളയുകയും പകരം പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്ത് പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ലേല നിബന്ധന പരസ്യപ്പെടുത്തിയില്ല - ഗേറ്റ് ഫീസ് ലേലത്തുക ലഭിച്ചില്ല

ലേലവ്യവസ്ഥകൾ പൂർണ്ണമായും പരസ്യപ്പെടുത്താതെ മാർക്കറ്റ് ലേലം നടത്തിയതിനാൽ, ലേലം സ്ഥിരപ്പെടുത്തി ലഭിച്ചയാൾ ലേലത്തുക പഞ്ചായത്തിനു നൽകിയില്ല. ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്രീചിത്തിരവിലാസം പബ്ലിക്ക് മാർക്കറ്റിൽനിന്നും 2021-22വർഷത്തേക്ക് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം പരസ്യലേലത്തിലൂടെ സ്വന്തമാക്കിയ ശ്രീ മനോഷ് കുമാർ, കുറ്റിയിൽ, ഇടപ്പരിയാരം എന്ന വ്യക്തിയാണ് പണം നൽകാതിരുന്നത്. മാർക്കറ്റിനുള്ളിലെ കാർഷിക ലേല വിപണിയിൽനിന്നും ഗേറ്റ് ഫീസ് പിരിക്കാൻ പാടില്ല എന്ന വ്യവസ്ഥ ലേല നോട്ടീസിൽ ഉൾപ്പെടുത്താതിരുന്നതാണ് ഇതിനു കാരണം.
06.03.2021ൽ നടന്ന ലേലത്തിൽ 24000രൂപയ്ക്കാണ് ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം ഇദ്ദേഹം സ്വന്തമാക്കിയത്. 15.03.2021ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി ഇതിന് അംഗീകാരം നൽകി [3(1)-ാം നമ്പർ തീരുമാനം]. ലേലത്തുകയും നികുതികളും ചേർത്ത് ശ്രീ മനോഷ് കുമാർ ഗ്രാമപ്പഞ്ചായത്തിൽ നൽകിയ 28060രൂപയുടെ ചെക്ക് ബാങ്കിൽ സമർപ്പിച്ചെങ്കിലും അക്കൗണ്ടിൽ മതിയായ ബാലൻസില്ലാത്ത കാരണത്താൽ പണമാക്കാൻ സാധിച്ചില്ല. ബാങ്ക് ചാർജ്ജ് ഇനത്തിൽ 298 രൂപ പഞ്ചായത്തിനു നഷ്ടമാകുകയും ചെയ്തു. ഈ വിവരം 24.03.2021ൽ A4.893/21-ാം നമ്പർ കത്തുമുഖേന ശ്രീ മനോഷ് കുമാറിനെ അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ ടിയാൾ പണം അടയ്ക്കാൻ തയ്യാറായില്ല.

പഞ്ചായത്തിന് ലഭിക്കാനുള്ള തുക, പലിശ സഹിതം ടിയാനിൽനിന്ന് ഈടാക്കാൻ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭിക്കുന്നതിനായി 17.03.2022ൽ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മാർക്കറ്റിനുള്ളിലെ കാർഷിക ലേല വിപണിയിൽനിന്നും ഗേറ്റ് ഫീസ് പിരിക്കാൻ പാടില്ല എന്ന വ്യവസ്ഥയും കോവിഡ് മൂലമുള്ള ലോക്ക് ഡൗണും നഷ്ടം വരുത്തുമെന്ന് ശ്രീ മനോഷ് അറിയിച്ചിരുന്നതായും, പഞ്ചായത്തിനു നഷ്ടമായ 298 രൂപ ശ്രീ മനോഷ് പഞ്ചായത്തിൽ ഒടുക്കിയതായും, പഞ്ചായത്തിനു നഷ്ടം വരാതിരിക്കുന്നതിനായി പഞ്ചായത്ത് സ്വന്തം നിലയിൽ ഫീസ് പിരിവ് നടത്തിവരുന്നതായും സെക്രട്ടറി മറുപടി ലഭ്യമാക്കി.

മാർക്കറ്റിനുള്ളിലെ കാർഷിക ലേല വിപണിയെ ഗേറ്റ് ഫീസിൽനിന്ന് ഒഴിവാക്കിയിട്ടുള്ള വിവരം ലേല നിബന്ധനകളുടെ ഭാഗമായി ലേല നോട്ടീസിൽ ഉൾപ്പെടുത്തിരുന്നതാണ് ഇപ്രകാരമൊരു സാഹചര്യത്തിലേക്ക് നയിച്ചത്. ലേലനടപടികളിൽ സുതാര്യത ഉറപ്പുവരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പരേതർക്കും ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നു

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ

പേരിലുള്ള അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി വ്യക്തമായി. മരണപ്പെട്ടതിനുശേഷവും പെൻഷൻ ലഭിച്ചതായി കണ്ട ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | പൊടിയമ്മ ജോൺ<br>2/109, കാരുവേലിൽ വീട്, കാരംവേലി, ഇലന്തൂർ, കാരംവേലി P.O., 689643 | 103920600230 | വിധവ പെൻഷൻ | 18.02.2020 | 03/20 - 2/22 | 35400 |
| 2 | അന്നമ്മ മത്തായി<br>6/91, കരിമ്പനാക്കൽ പുത്തൻ പറമ്പിൽ ഇലന്തൂർ, ഇടപ്പരിയാരം P. O, 689643 | 103920200196 | വാർദ്ധക്യകാല പെൻഷൻ | 25.03.2020 | 4/20 - 2/22 | 37200 |
| 3 | റെയിച്ചൽ മാത്തുണ്ണി<br>10/18, കാരൂർ വീട്, ഇലന്തൂർ, ഇലന്തൂർ, ഇലന്തൂർ P. O., 689643 | 103920200652 | വാർദ്ധക്യകാല പെൻഷൻ | 09.04.2020 | 5/20 - 2/22 | 34100 |
| 4 | പി ഡി തോമസ്<br>11/28, പാമ്പക്കാട്ട് ജോബി വില്ല, പൂളിന്തിട്ട റിംഗ് റോഡ്, ഇലന്തൂർ P. O, 689643 | 103920200453 | വാർദ്ധക്യകാല പെൻഷൻ | 27.05.2020 | 06/20 - 2/22 | 32700 |
| 5 | രഘുനാഥ് പി.എസ്<br>12/85, പുത്തൻപറമ്പിൽ ജാൻസുക്ക്, ഇലന്തൂർ P. O, 689643 | 103920200632 | വാർദ്ധക്യകാല പെൻഷൻ | 07.06.2020 | 7/20 - 2/22 | 37800 |
| 6 | ഇടിക്കുള<br>4/523, ചരിവുകാലായിൽ വിട്, ഇലന്തൂർ, | 103920200447 | വാർദ്ധക്യകാല പെൻഷൻ | 19.07.2020 | 8/20 – 2/22 | 29600 |

| | | | | | | |
|---|---|---|---|---|---|---|
| | ഇലന്തൂർ, ഇലന്തൂർ P. O., 689643 | | | | | |
| 7 | ഉദയഭാനു റ്റി.കെ.<br>2/217, കുഴിമുരിപ്പെൽ, ഇടപ്പരിയാരം, ഇലന്തൂർ, ഇടപ്പരിയാരം P. O., 689643 | 103920200564 | വാർദ്ധക്യകാല പെൻഷൻ | 06.12.2020 | 01/21 - 2/22 | 22100 |
| 8 | സുമതി ശ്രീധരൻ<br>7/268, പാലമൂട്ടിൽ വീട്, ഇലന്തൂർ ഈസ്റ്റ്, ഇലന്തൂർ, ഇലന്തൂർ ഈസ്റ്റ് P. O, 689643 | 103920200275 | വാർദ്ധക്യകാല പെൻഷൻ | 09.03.2021 | 4/21 – 2/22 | 17600 |
| | ആകെ | | | | | 246500 |

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള പെൻഷൻ തുക മുഴുവൻ ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കാൻ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണേഴ്സിന്റെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷണേഴ്സിന് തുടർന്നും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. നിലവിൽ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് 'സേവന സിവിൽ രജിസ്ട്രേഷൻ' വെബ്സൈറ്റിൽ ലഭ്യമായ മരണ രജിസ്ട്രേഷൻ ഡാറ്റയുമായി താരതമ്യം ചെയ്ത് മരണപ്പെട്ട എല്ലാവരെയും ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-17 മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല</u>

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശം പാലിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളതായി കണ്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, 2018 മുതൽ 2021 വരെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ടുപോയ 40-ൽ പരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ ഇപ്പോഴും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതായി വ്യക്തമായി. ഇവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐ.ഡി. | പെൻഷണറുടെ പേര് | മരണപ്പെട്ട തീയതി |
|---|---|---|---|
| 1 | 103920200033 | മാധവൻ | 19.12.18 |
| 2 | 103920200248 | ജനാർദ്ധനൻ | 28.12.18 |
| 3 | 103920200556 | തോമസ് കോഷി | 18.10.18 |
| 4 | 103920200935 | പി.എം.ജോർജ്ജ് | 18.08.18 |
| 5 | 103920201141 | ഏലിയാമ്മ ബേബി | 09.12.18 |
| 6 | 103920200424 | പങ്കജാക്ഷി | 08.11.19 |
| | | | |

| | | | |
|---|---|---|---|
| 7 | 103920201350 | കെ.റ്റി. തോമസ് | 11.11.19 |
| 8 | 103920200523 | ജോർജ്ജ് മത്തായി | 10.09.19 |
| 9 | 103920200424 | പങ്കജാക്ഷി | 08.11.19 |
| 10 | 103920201407 | കെ.കെ. രാജൻ | 20.11.19 |
| 11 | 103920200745 | ദേവരാജൻ വി.എൻ. | 05.04.19 |
| 12 | 103920100235 | പി.എ. കൊച്ചുകുഞ്ഞ് | 16.05.19 |
| 13 | 103920200921 | സാറാമ്മ പാപ്പി | 10.03.19 |
| 14 | 103920100133 | പരമാന്ദൻ എൻ | 11.05.19 |
| 15 | 103920200745 | ദേവരാജൻ വി എൻ | 11.05.19 |
| 16 | 103920200787 | ജോൺ മാത്യൂ | 19.05.19 |
| 17 | 103920100235 | പി.എ.കൊച്ചുകുഞ്ഞ് | 16.05.19 |
| 18 | 103920600192 | തങ്കമണി.ഒ.എസ് | 23.05.19 |
| 19 | 103920200639 | കുഞ്ഞുകുഞ്ഞ് പി കെ | 28.06.19 |
| 20 | 103920200642 | വിജയൻ എം വി | 07.08.19 |
| 21 | 103920200715 | സാറാമ്മ ഇട്ടി | 10.08.19 |
| 22 | 103920600147 | കെഎൻ ജാനകി | 14.08.19 |
| 23 | 103920200113 | കെ.റ്റി.തോമസ് | 03.03.20 |
| 24 | 103920100209 | പുരുഷോത്തമൻ | 15.01.20 |
| 25 | 103920100203 | പി.എം.കുഞ്ഞുപിള്ള | 10.02.20 |
| 26 | 103920600230 | പൊടിയമ്മജോൺ | 18.02.20 |
| 27 | 103920600212 | തങ്കമ്മ.എം.കെ | 27.03.20 |
| 28 | 103920200196 | അന്നമ്മ.മത്തായി | 25.03.20 |
| 29 | 103920200652 | റെയിച്ചൽ മാത്തുണ്ണി | 09.04.20 |
| 30 | 103920200453 | പി ഡി തോമസ്സ് | 27.05.20 |
| 31 | 103920600194 | ഏലിയാമ്മ | 25.05.20 |
| 32 | 103920200521 | ലക്ഷ്മികുട്ടിയമ്മ | 10.06.20 |
| 33 | 103920200632 | രഘുനാഥ് പി എസ് | 07.06.20 |
| 34 | 103920200876 | തോമസ് സി എ | 04.07.20 |
| 35 | 103920200633 | സരസമ്മ | 20.06.20 |
| 36 | 103920200447 | ഇടിക്കുള എബ്രഹാം | 19.07.20 |
| 37 | 103920200564 | ഉദയഭാനു റ്റി കെ | 06.12.20 |
| 38 | 103920200218 | കെ.കെ.കുഞ്ഞുകുഞ്ഞ് | 16.08.21 |
| 39 | 103920200275 | സുമതി.ശ്രീധരൻ | 09.03.21 |
| 40 | 103920201281 | ശിവരാജൻ റ്റി.കെ | 04.11.21 |

സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ 'ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ തുക കൈമാറിയിട്ടില്ല' എന്ന് ഡി.ബി.റ്റി.-യിൽ ബാങ്ക് അധികൃതർ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് 28/09/2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതിനാൽ സർക്കാർ ഫണ്ട് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്.

പൊതുമേഖലാ ബാങ്കുകൾ മുഖേന പെൻഷൻ വാങ്ങി വന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യപ്പെട്ടതിനാലും, മസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തതിനാലും പെൻഷൻ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് `സേവന' സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ പെൻഷൻ

യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് മൂലം ഇവരുടെ പെൻഷൻ തുക എല്ലാ മാസവും ബാങ്കുകൾക്ക് കൈമാറിവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യാതെ ബാങ്കുകളുടെ അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരികെ ഒടുക്കിയത് സംബന്ധിച്ച രേഖകൾ പഞ്ചായത്ത് വാങ്ങി സൂക്ഷിച്ചിട്ടില്ല.

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

നിലവിൽ പരേതരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് ഡി.ബി.ടി. സെല്ലിൽ അറിയിക്കുന്നില്ല. ബാങ്കുകൾ വഴി വീട്ടിലെത്തി നേരിട്ടു പെൻഷൻ വിതരണം ചെയ്യുമ്പോൾ ഇക്കാര്യം അറിയിക്കേണ്ടത് ഏജന്റുമാരാണ്. അവരും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നു.

മരണപ്പെട്ടവരേയും, അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ (63/2021/ധന, തീ.02.08.21) നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കാതിരുന്നതാണ് സംസ്ഥാന സർക്കാരിന് മേൽ പറഞ്ഞപ്രകാരം വൻ ബാദ്ധ്യത വരുത്തുന്നതിന് ഇടയാക്കിയിട്ടുള്ളത്. മരിച്ചത്, വീട് അടഞ്ഞുകിടക്കുന്നത്, സ്ഥലത്തില്ലാത്തവർ, മറ്റു കാരണങ്ങളാൽ തടഞ്ഞുവെച്ചത് എന്നിവ ശരിയായി പരിശോധിച്ച് മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-18 സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളുടെ കൈകാര്യവും, പെൻഷൻ വിതരണവും - അവലോകനം</u>

ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. അപേക്ഷകൾ ഇനം തിരിച്ചും രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകി ക്രമീകരിച്ചല്ല സൂക്ഷിച്ചിരിക്കുന്നത്. ഇക്കാരണത്താൽ ഓഡിറ്റ് വർഷം ക്ഷേമ പെൻഷനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, ലഭിച്ച അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പാക്കിയിട്ടുണ്ടോയെന്നും ഓഡിറ്റിൽ പരിശോധിച്ച് നിശ്ചയം വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്നാണ് ചട്ടം അനുശാസിക്കുന്നത്.

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അനർഹരെന്ന് കണ്ടെത്തിയ വ്യക്തികളുടെ വിവരങ്ങളും സേവനയിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളതായും, സേവനയിൽ ഈ അപേക്ഷകളുടെ നിലവിലെ സ്റ്റാറ്റസ് **'എൻട്രി നടന്നുകൊണ്ടിരിക്കുന്നു'** എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ തീയതി | അപേക്ഷകന്റെ പേര് | ആധാർ നമ്പർ | പെൻഷൻ ഇനം | സേവനയിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 27.12.2020 | ഡാനിയേല് തോമസ് | 960605825348 | വാർദ്ധക്യകാല പെൻഷൻ | എൻട്രി നടന്നുകൊണ്ടിരിക്കുന്നു |
| 19.03.2021 | തോമസ് ജോർജ്ജ് | 726033875207 | വാർദ്ധക്യകാല പെൻഷൻ | എൻട്രി നടന്നുകൊണ്ടിരിക്കുന്നു |
| 24.02.2021 | അനിത ജോൺ | 617459125922 | വിധവ പെൻഷൻ | എൻട്രി നടന്നുകൊണ്ടിരിക്കുന്നു |
| 12.03.2021 | എബ്രഹാം ഇ ഐ | 690065950806 | വാർദ്ധക്യകാല പെൻഷൻ | എൻട്രി നടന്നുകൊണ്ടിരിക്കുന്നു |

നിരസിച്ച അപേക്ഷകൾ സേവന ആപ്ലിക്കേഷനിൽ ഇപ്പോഴും എൻട്രി നടന്നുകൊണ്ടിരിക്കുന്നു എന്ന നിലയിൽ നിലനിർത്തുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/23.03.2022) ബന്ധപ്പെട്ടവർ വിശദീകരണമൊന്നും ലഭ്യമാക്കിയില്ല.

വിധവാ പെൻഷൻ വാങ്ങുന്ന 60 വയസ്സിൽ താഴെയുള്ള ഗുണഭോക്താവ് താൻ വിവാഹം/പുനർവിവാഹം ചെയ്യിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫിക്കേറ്റ് സമർപ്പിക്കാത്ത വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ, സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ തടഞ്ഞുവയ്ക്കേണ്ടതാണ്. പഞ്ചായത്തിൽ വിധവാ/അവിവാഹിത പെൻഷൻ വാങ്ങുന്ന 571 പേരാണ് ഉള്ളത്. ഇവരിൽ സിംഹ ഭാഗവും 60

വയസ്സിന് താഴെ പ്രായമുള്ളവരാണ്. വിധവാ/അവിവാഹിതാ പെൻഷൻ വാങ്ങുന്നവരിൽനിന്നും ഓഡിറ്റ് വർഷം മേൽപറഞ്ഞ പ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുകയു ണ്ടായില്ല.

മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി, ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഓഡിറ്റ് വർഷം ഇപ്രകാരം വിവരങ്ങൾ ശേഖരിച്ച് ഒഴിവാക്കിയിട്ടുള്ളവരുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും, വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കേണ്ടതുമാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ഒഴിവാക്കപ്പെട്ടവരുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കിയില്ല.

ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ്/സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## <u>1-19 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു</u>

വർഷം 2020 ആഗസ്റ്റ് മുതൽ മാർച്ച് 2021 വരെ കാലയളവിലെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും (Tied Grant) 339504 രൂപ ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം.446817/19.08.20). ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് (സ.ഉ. (കൈ)നം.103/2020/ ത.സ.ഭ.വ., തീയതി 30/06/2020) ഇപ്രകാരമൊരു ചെലവ് നടത്തിയിട്ടുള്ളത്.

50 ശതമാനം അടിസ്ഥാന വിഹിതം, 50 ശതമാനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (എ) ശുചിത്വം, ഖര-ദ്രവ മാലിന്യം സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ (ബി) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും, പുനഃചംക്രമണവും (Reuse/Recycling Of Water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂവെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്.

അപാകത പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-20 പൊതുമരാമത്ത് മേഖലയിൽ ചെറുതും ഫലക്ഷമത കുറഞ്ഞതുമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നു</u>

ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പെടെ 117 പ്രോജക്ടുകളുടെ നിർവ്വഹണ ചുമതലയായിരുന്നു അസി.എഞ്ചിനീയർക്ക് ഉണ്ടായിരുന്നത്. ഇതിൽ 69.41 ലക്ഷം രൂപ അടങ്കലുള്ള 19 പ്രോജക്ടുകൾ തൻവർഷം നിർവ്വഹണം പൂർത്തിയാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭൂരിഭാഗവും രണ്ട് ലക്ഷം രൂപയും അതിൽ കുറവും അടങ്കലുള്ളവയായിരുന്നു. കേവലം 10 പ്രോജക്ടുകൾക്ക് മാത്രമായിരുന്നു 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുണ്ടായിരുന്നത്.

| | |
|---|---|
| ഒരു ലക്ഷത്തിൽ താഴെ അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 14 |
| ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം വരെ അടങ്കലുള്ളവ | 51 |
| രണ്ട് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ അടങ്കലുള്ളവ | 42 |
| അഞ്ച് ലക്ഷവും അതിലധികവും അടങ്കലുള്ളവ | 10 |

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി

പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികളാണ് ഓരോ വർഷവും ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിലുള്ള കാതലായ പിഴവാണിത്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

## 1-21 മാന്വൽ ടെണ്ടറിംഗിൽ മത്സരം ഉറപ്പാക്കുന്നില്ല; ഇ-ടെണ്ടർ ചെയ്യുന്നത് അഭികാമ്യം

2020-21 വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച 117 മരാമത്ത് പ്രവൃത്തികളിൽ 107 എണ്ണവും അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ളവയായിരുന്നു. അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പ്രവൃത്തികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ സ്ഥിരമായി കരാറെടുക്കുന്ന ഏതാനും ചില വ്യക്തികൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ചുരുക്കം ചിലതിന് ഒഴികെ മിക്ക പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അതിൽ ഒന്ന് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% വരെ അധികവും, മറ്റേത് എസ്റ്റിമേറ്റ് നിരക്കും രേഖപ്പെടുത്തിയവയായിരുന്നു. കരാറുകാർ ഒത്തുകളിച്ച് ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതാക്കിയതായാണ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്താനും പ്രവൃത്തികളുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് ജാഗ്രത പുലർത്തിയില്ല.

ഇ-ടെണ്ടർ ക്ഷണിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും, അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കുന്നതിനും സാധിക്കുന്നതാണ്. ഓഡിറ്റ് വർഷം കേവലം 5 പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ 3.78 ലക്ഷം രൂപ ടെണ്ടർ സേവിംഗ്സ് ലഭിച്ചു. എന്നാൽ മാന്വൽ ടെണ്ടർ ചെയ്ത 61 പ്രവൃത്തികളുടെ സംഗതിയിൽ 30305 രൂപ മാത്രമാണ് ടെണ്ടർ സേവിംഗ്സ് ലഭിച്ചത്. ഭാവിയിൽ എല്ലാ മരാമത്ത് പ്രവൃത്തികളും ഈ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-22 പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മഹാണിമല എസ്.റ്റി. കോളനി കുടിവെള്ള പദ്ധതിയ്ക്ക് പമ്പ്സെറ്റും, അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. 23.09.2020-ൽ പ്രോജക്റ്റിന് ടെണ്ടർ ക്ഷണിക്കുകയും, കുറവ് നിരക്ക് ക്വോട്ട് ചെയ്ത ടോറസ് യൂട്ടിലിറ്റീസ്, ചുരുളിക്കോട് എന്ന സ്ഥാപനത്തിൽനിന്നും 68179 രൂപ ചെലവഴിച്ച് 2 HP സബ്മേർസിബിൾ പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാമഗ്രികൾ 11.03.21-ൽ കുടിവെള്ള പദ്ധതിയുടെ ചെയർമാൻ ശ്രീ ജയറാം റ്റി., കൺവീനർ ശ്രീ സജി. കെ.സി. എന്നിവർ ചേർന്ന് പഞ്ചായത്തിൽനിന്നും കൈപ്പറ്റിയിട്ടുള്ളതായും കാണുന്നു.

2018-19 വർഷം മഹാണിമല എസ്.റ്റി.കോളനി കുടിവെള്ള പദ്ധതി പഞ്ചായത്ത് ആവിഷ്കരിച്ച്. 71679 രൂപ പട്ടികവർഗ്ഗ ഫണ്ടിൽനിന്നും ചെലവഴിച്ചിരുന്നു. എന്നാൽ 2019-20 വർഷം തുടർ പദ്ധതി ആവിഷ്കരിച്ചില്ല. പിന്നീട് 2020-21 വർഷമാണ് പമ്പ് സെറ്റും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കിയത്. കുഴൽ കിണർ കുഴിച്ച്, പമ്പ് സെറ്റും വാങ്ങിയെങ്കിലും പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. അന്വേഷണത്തിൽ പദ്ധതിയുടെ ഭാഗമായി ഒരു വർഷം മുമ്പ് വാങ്ങിയ പമ്പ് സെറ്റും, അനുബന്ധ സാമഗ്രികളും സ്ഥാപിക്കുയും, വൈദ്യുതി കണക്ഷൻ എടുത്ത് കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഏറ്റെടുത്ത പദ്ധതി ലക്ഷ്യത്തിലെത്തിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുകയാണ് പഞ്ചായത്ത് ചെയ്തിരിക്കുന്നത്. ശരിയായ പ്രോജക്ട് മോണിട്ടറിംഗിന്റെ അഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-23 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൗണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ

നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇയ തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് തുറക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 85619 രൂപ

2017-18 മുതൽ 2020-21 വരെ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 85619 പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടറുകളുടെ എണ്ണം | തുക |
|---|---|---|
| 2017-18 | 8 | 22950 |
| 2018-19 | 2 | 13888 |
| 2019-20 | 2 | 8856 |
| 2020-21 | 5+3* | 39925 |
| ആകെ | | 85619 |

*CMLRP

2016-17 മുതൽ 2019-20 വരെ ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 85619 രൂപ മടക്കി വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടാതെ തുക കൈമാറി

മതിലിട്ടതറ കോളനിയിലെ കുഴൽക്കിണറിന്റെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച പദ്ധതി പ്രകാരം (പ്രോ.നം. 105/21) പ്രത്യേക ഘടകപദ്ധതി ഫണ്ട് ഇനത്തിൽ 30,000 രൂപ (ബിൽ നം. 20/28.12.2020) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും, ചെറിയത്ത് കിഴക്കുംകര-അംബേദ്കർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനുവേണ്ടി (പ്രോ.നം. 103/21) പ്രത്യേക ഘടകപദ്ധതി ഫണ്ട് ഇനത്തിൽ 90,000 രൂപ (ബിൽ നം.21/28.12.20) കേരള വാട്ടർ അതോറിറ്റിയിലും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി നിയമപരമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പിന്നീട് നിയമപ്രശ്നങ്ങൾ ഉണ്ടായാൽ, കരാറിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് തിരിച്ചടിയുണ്ടാകുന്ന അവസ്ഥ സംജാതമാകും. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല

ചുവടെ ചേർക്കുന്ന പ്രോജക്കുകളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇവയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റ് തീയതിവരെ ലഭ്യമായിട്ടില്ല.

| വർഷം | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 2015-16 | 163/16 | വാർഡ് 2-ൽ പുള്ളോനാൽകുഴി തേങ്ങാടിക്കും പാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) | കെ.എസ്.ഇ.ബപി. ഇലക്ട്രിക്കൽ | 16677 |

| | | | | |
|---|---|---|---|---|
| | | | സെക്ഷൻ, കോഴഞ്ചേരി | |
| 2017-18 | 155/18 | വാർഡ് 1-ൽ എരുമാട്ടുപ്പടി കൈതയ്ക്കൽ റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 31000 |
| 2018-19 | 218/19 | വാർഡ് 3 വലിയകാലാപ്പടി കുറ്റിയിൽപ്പടി ചെറുകിട കുടിവെള്ള പദ്ധതി | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 167000 |
| “ | 209/19 | വാർഡ് 5-ൽ മേലേൽ ഭാഗം ക്ടുട്ടപ്പാറയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 90000 |
| “ | 213/19 | വാർഡ് 3 – കുറ്റിയിൽപ്പടി കൊല്ലംമ്പാറ ലക്ഷം വീട് കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ, പൊതുടാപ്പ് സ്ഥാപിക്കൽ | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 250000 |
| “ | 218/19 | വലിയകാലാപ്പടി കുറ്റിയിൽപ്പടി ചെറുകിട കുടിവെള്ള പദ്ധതി | ഗ്രൌണ്ട് വാട്ടർ അതോറിറ്റി, പത്തനംതിട്ട | 167000 |
| “ | 29/19 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി., ഇലവുംതി ട്ട | 440210 |
| 2019-20 | 132/20 | മഹായക്ഷിക്കാവ് - ഊന്നുകല്ലുങ്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കലും, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും വാർഡ് 9 | കെ.എസ്.ഇ.ബി., ഇലവുംതി ട്ട | 89680 |
| 2020-21 | 118/21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 280000 |
| “ | 103/21 | വാർഡ് 2 ചെറിയത്ത് കിഴക്കുംകര അംബേദ്കർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ., പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 90000 |
| “ | 105/21 | മതിലിട്ടതറ കോളനി കുഴൽകിണർ പുനരുദ്ധാരണം | കെ.എസ്.ഇ.ബി., ഇലവുംതി ട്ട | 30000 |
| “ | 208/21 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി., കോഴഞ്ചേരി | 98493 |
| “ | 117/21 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി., പത്തനംതിട്ട | 100253 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു

97 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 42483 രൂപയാണ് പ്രതിമാസം പഞ്ചായത്ത് ഒടുക്ക് വരുത്തുന്നത്. സംയുക്തപരിശോധന നടത്തി ജല ലഭ്യതയുള്ള കുടിവെള്ള പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി **സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തീയതി 30-5-2009** പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-28 വിവാഹ ധനസഹായം-അപേക്ഷ സ്വീകരിക്കുന്നതിന് സമയപരിധി പാലിച്ചില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് രൂപീകരിച്ച പദ്ധതി (പ്രോ. നം.62/21) പ്രകാരം 7,50,000 രൂപ പ്രത്യേക ഘടകപദ്ധതി ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ധനസഹായം ലഭിച്ച ശ്രീമതി അമ്പിളി രാജൻ, കോട്ടച്ചിറക്കാലായിൽ, ഇടപ്പരിയാരം (75,000 രൂപ, ബിൽ നം.08/30.09.20) എന്നയാളുടെ മകളുടെ വിവാഹം നടന്നത് 20.06.2019-ൽ ആയിരുന്നു. ധനസഹായത്തിനായി ശ്രീമതി അമ്പിളി രാജൻ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് 19.06.2020-ൽ ആണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.09.2018-ലെ സ.ഉ.(സാധാ) നം. 2438/2018 സർക്കാർ ഉത്തരവ് പ്രകാരം, വിവാഹധനസഹായത്തിനുള്ള അപേക്ഷ വിവാഹം നടന്ന് 180 ദിവസത്തിനകം സമർപ്പിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കാലാവധിയ്ക്കകം സമർപ്പിക്കാത്ത അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ധനസഹായത്തിനായി ശ്രീമതി അമ്പിളി രാജൻ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് വിവാഹം നടന്ന് 180 ദിവസത്തിന് ശേഷമായതിനാൽ ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി മാത്രമേ ടി വ്യക്തിയ്ക്ക് ധനസഹായം നൽകുവാൻ സാധിക്കുമായിരുന്നുള്ളു. ആയതിന് വിരുദ്ധമായി 29.09.2020-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(12) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 75,000 രൂപ (ബിൽ നം. 08/30.09.2020) അനുവദിച്ചു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/24.03.22), അനുബന്ധ രേഖകൾ യഥാസമയം ഹാജരാക്കുവാൻ സാധിക്കാതിരുന്നതിനാലാണ് കാലതാമസം ഉണ്ടായതെന്നും അപേക്ഷക ആനുകൂല്യത്തിന് തികച്ചും അർഹയായിരുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-29 ജാഗ്രതാ സമിതി-അവലോകനം

ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം നൽകുന്നതിന് 1,65,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ചാണ് തുക ചെലവഴിച്ചത്. എന്നാൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപര്യാപ്തതകൾ നിലനിൽക്കുന്നു.

1. ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിനായി പ്രത്യേക ഓഫീസ് സജ്ജീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഏതെങ്കിലും ഒരു മുറിയിൽ വെച്ചാണ് സാധാരണയായി മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്. ഇക്കാരണത്താൽ പരാതികളുടെ സിറ്റിംഗിന് ആവശ്യമായ സ്വകാര്യത, സ്വതന്ത്ര സംഭാഷണം നടത്തുന്നതിനുള്ള സാഹചര്യം എന്നിവ ലഭ്യമല്ല.

2. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനുമായി സ്കൂളുകളിൽ ജെന്റർ ഡെസ്കുകൾ സ്ഥാപിച്ചിട്ടില്ല.

3. കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററിന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് ജില്ലാ റിസോഴ്സ് സെന്റർ നടപടിക്രമം നിശ്ചയിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇവരുടെ പ്രവർത്തനം ശരിയായ രീതിയിൽ വിലയിരുത്തുവൻ സാധിക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച്, പൊതു ഇടങ്ങളും സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുകയും സ്ത്രീ സുരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-30 അഗതിരഹിത കേരളം-പദ്ധതി അവലോകനം

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആശ്രയ പദ്ധതി നടപ്പിലാക്കിയത്. ആശ്രയ പദ്ധതി രണ്ട് ഘട്ടം പിന്നിട്ടപ്പോൾ, നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷമാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 2021-22 വരെയാണ് ഗ്രാമപഞ്ചായത്തിലെ പദ്ധതി കാലയളവ്.

**പദ്ധതി പ്രകാരമുള്ള ഫണ്ട് വകയിരുത്തൽ**

സംസ്ഥാന സർക്കാർ അംഗീകരിച്ച അഗതിരഹിത കേരളം പദ്ധതി പ്രകാരം വകയിരുത്തിയ വിവിധ ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | ആകെ |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 22,82,000 | 32,47,000 | 20,22,000 | 75,51,000 |
| ചലഞ്ച് ഫണ്ട് | 7,77,526 | 7,77,526 | 7,77,526 | 23,32,578 |
| ഡിപ്പാർട്ട്മെന്റ് ഫണ്ട് | 8,00,000 | 24,00,000 | 12,00,000 | 44,00,000 |
| ആകെ | 38,59,526 | 64,24,526 | 39,99,526 | 1,42,83,578 |

ഇതിൽ, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി പ്ലാൻഫണ്ട് ഇനത്തിൽ 4,75,000 രൂപയും ചലഞ്ച് ഫണ്ട് ഇനത്തിൽ 7,67,183 രൂപയും അനുവദിച്ച് നൽകിയത് അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.

**മതിയായ പ്ലാൻ ഫണ്ട് പദ്ധതിയിൽ വകയിരുത്തി അനുവദിക്കുന്നില്ല**

2019-20 സാമ്പത്തിക വർഷം 22,82,000 രൂപയും 2020-21 സാമ്പത്തിക വർഷം 32,47,000 രൂപയും അടക്കം ആദ്യ രണ്ട് വർഷങ്ങളിൽ ആകെ 55,29,000 രൂപയാണ് പ്ലാൻ ഫണ്ട് ഇനത്തിൽ വകയിരുത്തിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷിക പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ട് ഇനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി 4,75,000 രൂപ മാത്രമാണ് അനുവദിച്ചത്. ഗുണഭോക്താക്കളോടുള്ള ഗ്രാമപഞ്ചായത്തിന്റെ ഈ സമീപനം ആശാസ്യമല്ല. തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തുന്ന വികസനഫണ്ടിലെ തുക അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാവുന്നതാണ് എന്നിരിക്കെ ഈയിനത്തിൽ മതിയായ ഫണ്ട് വകയിരുത്തി അനുവദിക്കാതിരിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതാണ്. ആയതിനാൽ വാർഷിക പദ്ധതിയുടെ ഭാഗമായി അഗതിരഹിത കേരളം പദ്ധതിക്കായി മതിയായ പ്ലാൻ ഫണ്ട് വകയിരുത്തി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് വർഷം ചലഞ്ച് ഫണ്ട് ലഭ്യമായില്ല**

2020-21 സാമ്പത്തിക വർഷത്തേക്ക് 7,77,526 രൂപ ചലഞ്ച് ഫണ്ടിനത്തിൽ പദ്ധതിക്കായി വകയിരുത്തി അംഗീകാരം വാങ്ങിച്ചിരുന്നെങ്കിലും ഈയിനത്തിൽ തുക ഒന്നും തന്നെ ലഭ്യമായില്ല. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് നിലവിൽ ഭക്ഷണക്കിറ്റ് വിതരണം മാത്രമാണ് നടത്തുന്നത്. അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാകുന്നതിന് ഭരണസമിതി ഇടപെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 07.10.2020-ലെ 2766 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 4,51,081

രൂപയും 14.09.2020-ലെ 2356 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 66,919 രൂപയും 11.02.2021-ലെ നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 41,956 രൂപയും മുൻകൂറായി അനുവദിച്ച് നൽകിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനായി സാമ്പത്തിക വർഷം 5,59,956 രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും 1,65,935 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായത്. 3,94,021 രൂപയുടെ മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വികസനഫണ്ട് ഇനത്തിൽ അധികതുക നൽകി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച “പാലിനു സബ്സിഡി” എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക സബ്സിഡി നൽകി. ഒരു ലിറ്റർ പാലിന് ഗ്രാമപ്പഞ്ചായത്ത് വിഹിതമായ മൂന്നുരൂപയും ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാലുരൂപ തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകണമെന്നാണ് 14.02.2018ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ നിഷ്കർഷിച്ചിട്ടുള്ളത്. നിർദ്ദേശത്തിനു വിരുദ്ധമായി സബ്സിഡിത്തുക മുഴുവനും ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് നൽകി. ഇലഞ്ഞൂർ, പരിയാരം, വാര്യാപുരം എന്നീ ക്ഷീരസംഘങ്ങളിലായി 15750 ലിറ്റർ പാലളന്ന കർഷർക്ക് ഗ്രാമപ്പഞ്ചായത്തിൽനിന്നും 47,250 രൂപ സബ്സിഡിയായി ലഭിക്കാനർഹതയുണ്ട്. എന്നാൽ വികസനഫണ്ടിൽനിന്ന് 63,000രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ വിഹിതമായി നൽകേണ്ട 15,750 രൂപ കൂടി വികസനഫണ്ട് വകയിരുത്തിയാണ് ചെലവഴിച്ചത്. ഇതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/16.03.2022), ക്ഷീരവികസന വകുപ്പ് വിഹിതം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് വികസന ഫണ്ടിൽ നിന്ന് അധികമായി തുക ചെലവഴിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഡയറി ഫാം ഇൻസ്ട്രക്ടർ മറുപടി ലഭ്യമാക്കി. ക്ഷീരവികസന വകുപ്പ് വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിലും സബ്സിഡി മാർഗ്ഗനിർദ്ദേശപ്രകാരം വികസന ഫണ്ടിനത്തിൽ ചെലവഴിക്കുവാൻ അനുവാദം നൽകിയിട്ടുള്ള തുക മാത്രം തുടർവർഷങ്ങളിൽ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | കിഴങ്ങുവിള കൃഷി - വിത്തും വളവും | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് | 100000 | അങ്കണവാടി അനുപൂരക | 100000 | 0 |

| പഞ്ചായത്ത് | | പോഷകാഹാരം | | |
|---|---|---|---|---|

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടന്നിട്ടില്ല.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 117/21 - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകളിൽ | 100253 | 0 | 100253 |
| | 208/21 - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകളിൽ | 98493 | 0 | 98493 |
| | 118/21 - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 280000 | 0 | 280000 |
| കേരള വാട്ടർ അതോറിറ്റി | 103/21 – വാർഡ് li- ചെറിയത്തു കിഴക്കുംകര അംബേദ്കർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 | 0 | 90000 |
| | 238/21- ജലജീവനി കുടിവെള്ള കണക്ഷൻ - പഞ്ചായത്തു വിഹിതം | 1132970 | 0 | 1132970 |
| ഭൂജല വകുപ്പ് | 105/21- മതിലിട്ടതറ കോളി കുഴൽകിണർ പുനരുദ്ധാരണം | 30000 | 0 | 30000 |
| | **ആകെ** | **1731716** | **0** | **1731716** |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് | 400000 | 400000 | 264000 | 0 | 136000 |

## 4-5 സ്ഥിര നിക്ഷേപം

**ഇല്ല**

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4109 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 2017-18 | 3-3 | 1252 | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120110102198/10.12.2020 |
| 2017-18 | 3-7 | 2857 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 120110900001/02.06.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2016-17 | 2-1 | വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടാകുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-8 | തൊഴിൽനികുതി പിരിവ് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 63732731 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53446525 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര- സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.2/586/01 തീയതി 29.10.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.3/511/02 തീയതി 11.12.02 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/228/04 തീയതി 14.03.05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.2/741/04 തീയതി 12.05.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/367/08 തീയതി 30.06.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/73/10 തീയതി 31.10.10/30.12.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/566/11 തീയതി 21.11.11/11.03.13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/567/11 തീയതി 30.11.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22.03.13 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.5/399/14 തീയതി 04.10.14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.5/573/15 തീയതി 13.07.15/ 15.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02.06.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13.02.17 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.5/660/17 തീയതി 16.6.17 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.5/ /18 തീയതി 22.09.18 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.5/780 /19 തീയതി 17.09.19 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.5/422/21 തീയതി 30.06.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്